LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കുക:

പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്.

സബ്സിഡി നിരത്തിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുക :

സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട്, പദ്ധതി നടപ്പിലാക്കാനുള്ള സബ്സിഡി തുകയായ ഒരു കോടി രൂപ സർക്കാർ മത്സ്യഫെഡ് അനുവദിച്ച് നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലനം നൽകുക

വിദ്യാതീരം പദ്ധതിക്കായുള്ള ഫണ്ട് 2405-00-800-92-12(NP) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

രാജ്യാന്തര വിമാനത്താവള ഹബിൽ ഉൾപ്പെടുന്ന എയർപോർട്ടുകൾ

136 (141) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ് വിമാനത്താവളങ്ങൾ മാത്രം അടങ്ങുന്ന രാജ്യാന്തര വിമാനത്താവള ഹബിൽ സംസ്ഥാനത്തുനിന്നും ഏതെല്ലാം എയർപോർട്ടുകളെ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്;

(ബി) ഇത് സംബന്ധമായി പ്രധാനമന്ത്രിക്കും വ്യോമയാനമന്ത്രാലയത്തിനും മുഖ്യമന്ത്രി നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനെ International Hub Category-യിൽ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) വ്യോമയാന മന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടില്ല.

കണ്ണൂർ വിമാനത്താവള നിർമ്മാണം

137 (142) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണ പദ്ധതിയുടെ ഏതെല്ലാം പ്രവൃത്തികളാണ് ഇതിനോടകം ടെൻഡർ ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾ ഏതെല്ലാം നിർമ്മാണ കമ്പനികൾ ഏറ്റെടുത്തുവെന്നും എപ്പോൾ എഗ്രിമെന്റ് ഒപ്പ് വച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ പ്രവൃത്തികളും എന്ന് ആരംഭിച്ചുവെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

ഉത്തരം

(എ) .കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രധാന പ്രവൃത്തികളായ റൺവെ ·ഉൾപ്പെടുന്ന എയർസൈഡ് പ്രവൃത്തികളും ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈഓവറിന്റെയും പ്രവൃത്തികളും ഇതിനകം ടെണ്ടർ ചെയ്യുകഴിഞ്ഞു.

(ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെയും എയർസൈഡ് പ്രവൃത്തികളുടെയും കരാർ (ഇ.പി.സി.-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5-ന് ലാർസൺ & ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരം വരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ &ടൂബ്രോ ലിമിറ്റഡിന്റെ ബി & എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. രണ്ട് കരാറുകളുടെയും കരാർ യഥാക്രമം 5-11-2013 തീയതിക്കും 10-7-2014 തീയതിക്കും ഒപ്പുവെച്ചു.

(സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവൃത്തികളുടെയും കരാർ (ഇ.പി.സി.-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5-ന് ലാർസൺ &ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 40% പൂർത്തിയായിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ടൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 20% പൂർത്തിയായിട്ടുണ്ട്. 2016-മേയ് മാസത്തിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാനും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

വ്യോമയാന ഹബ്ബ്

138 (143) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യോമയാന പാതയിലെ രാജ്യാന്തര ഹബ്ബ് നിശ്ചയിച്ചതിൽ നിന്നും കേരളത്തെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവാക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly